**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2650** **06-10-2025 - ൽ മറുപടിയ്ക്ക്**

**വീട്ടമ്മമാർക്ക് അനുയോജ്യമായ സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ള വീട്ടമ്മമാർക്ക് ഒറ്റയ്ക്കോ അല്ലെങ്കിൽ ഗ്രൂപ്പ് തലത്തിലോ തുടങ്ങുന്നതിന് അനുയോജ്യമായ സംരംഭങ്ങൾ എന്തൊക്കെയാണെന്നും ഇതിനായി വ്യവസായ വകുപ്പിന്റെ എന്തൊക്കെ സഹായങ്ങൾ ലഭ്യമാകുന്നുണ്ടെന്നും വിശദമാക്കാമോ; | (എ) | ഉത്പ്പാദന-സേവന-കച്ചവട മേഖലകളിൽപ്പെട്ടതും വീട്ടമ്മമാർക്ക് അവരുടെ നൈപുണ്യത്തിന് അനുയോജ്യമായതുമായ സംരംഭങ്ങൾ ഒറ്റയ്ക്കായോ ഗ്രൂപ്പായോ ആരംഭിക്കാവുന്നതാണ്. ഇവർക്കാവശ്യമായ വിവിധ ഫെസിലിറ്റേഷൻ സഹായങ്ങൾ ജില്ലാവ്യവസായ കേന്ദ്രങ്ങൾ മുഖേന നൽകി വരുന്നുണ്ട്. സംരഭകർക്കാവശ്യമായ സഹായങ്ങൾ നൽകുന്നതിലേക്കായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ സെല്ലുകൾ പ്രവർത്തിക്കുന്നു. വ്യവസായ വകുപ്പിനു കീഴിൽ ഉള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളിലും താലൂക്ക് റിസോഴ്സ് പേഴ്സൺമാർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാണ്. സൂക്ഷ്മ ചെറുകിട ഇടത്തര സംരംഭങ്ങൾക്ക് വേണ്ട സഹായങ്ങളും നിർദേശങ്ങളും നല്കുന്നതിനായി **500 ബിസിനസ് ഡെവലപ്മെന്റ് സർവീസ് പ്രൊവൈഡർ,** (**ബി.ഡി.എസ്.പി**)-മാരെ തദ്ദേശ സ്ഥാപന തലത്തിൽ നിയമിച്ചിട്ടുണ്ട്. പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയിൽ **ബിസിനസ് ഡെവലപ്മെന്റ് സർവീസ് പ്രൊവൈഡർ** മാരെ നേരിട്ട് നിയമിക്കുന്നതിലൂടെ, നിലവിലെ സംരംഭകർക്കും, സംരംഭം തുടങ്ങുവാൻ ആഗ്രഹിക്കുന്നവർക്കും വേണ്ട എല്ലാ സഹായവും പിന്തുണയും പ്രാദേശിക അടിസ്ഥാനത്തിൽ ലഭ്യമാണെന്ന് സർക്കാർ ഉറപ്പാക്കുന്നു.<br><br>സംരംഭകർക്ക് വിവിധ വകുപ്പുകളിൽ നിന്നുള്ള അനുമതികൾ ലഭിക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി 2022 ലെ 19 നമ്പർ ആക്ട് പ്രകാരം 1999 ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൌൺഷിപ്പ് ഏരിയ ഡവലപ്മെന്റ് ആക്ട്, 1999 (2000 ലെ നിയമം |

5) ന്റെ ഭേദഗതി വഴി നിലവിൽ വന്നിട്ടുള്ള സംവിധാനമാണ് പരാതി പരിഹാര സംവിധാനം (Grievance Redressal System). ഈ നിയമപ്രകാരം രൂപികരിച്ചിട്ടുള്ള ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മിറ്റികൾ മുഖേനയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. 10 കോടി രൂപ വരെ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ജില്ലാ കമ്മിറ്റിക്കും 10 കോടിയിൽ കൂടുതൽ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും, ജില്ലാ കമ്മിറ്റിയുടെ തീരുമാനത്തിനുമേലുള്ള അപ്പീലും സംസ്ഥാന കമ്മിറ്റിക്കുമാണ് നൽകേണ്ടത്. ഈ സംവിധാനം കാര്യക്ഷമമായും സമയബന്ധിതമായും പ്രവർത്തിപ്പിക്കുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്.

പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ള വീട്ടമ്മമാർക്ക് കേരളത്തിൽ ഒറ്റയ്ക്കോ ഗ്രൂപ്പായോ തുടങ്ങുവാൻ അനുയോജ്യമായ നിരവധി സംരംഭങ്ങൾ ഉണ്ട്, സംരംഭങ്ങളെ സഹായിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിവിധ തലങ്ങളിൽ ആവശ്യമായ സഹായം വകുപ്പ് നൽകിവരുന്നു. സംരംഭകരുടെ വൈദഗ്ധ്യവും താൽപ്പര്യവും അനുസരിച്ച് തിരഞ്ഞെടുക്കാവുന്ന ചില പ്രധാന മേഖലകളും അതിനായി വ്യവസായ വകുപ്പ് നൽകുന്ന പ്രധാന സഹായങ്ങളും താഴെ വിശദീകരിക്കുന്നു.

**സേവന അധിഷ്ഠിത സംരംഭങ്ങൾ**

കൺസൾട്ടൻസി/പരിശീലന സംരംഭങ്ങൾ, സാങ്കേതിക വിദ്യ/ഡിജിറ്റൽ മാർക്കറ്റിങ്ങ് സേവന സംരംഭങ്ങൾ, സോഷ്യൽ മീഡിയ മാനേജ്മെന്റ്, വെബ് സൈറ്റ് ഡിസൈൻ, ഇ-കൊമേഴ്സ്, ഹെൽത്ത് & ഫിറ്റ്നസ് സംരംഭങ്ങൾ, ബ്യൂട്ടി പാർലർ/ബ്രൈഡൽ മേക്കപ്പ് തുടങ്ങിയവ

**ഉൽപ്പാദന അധിഷ്ഠിത സംരംഭങ്ങൾ**

ഭക്ഷ്യ സംസ്കരണ ഉൽപ്പന്ന നിർമ്മാണം, സൗന്ദര്യ വർദ്ധക – ആയുർവേദ ഉൽപ്പന്നങ്ങൾ, വസ്ത്രങ്ങൾ കരകൗശല വസ്തുക്കൾ, പരിസ്ഥിതി സൗഹൃദ ഉല്പന്നങ്ങൾ, ഫർണിച്ചർ നിർമ്മാണം തുടങ്ങിയവ

സംരംഭകരെ സാമ്പത്തികമായി സഹായിച്ച് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ബാങ്ക് വായ്പ ലഭിക്കുന്ന നടപടി ക്രമം കൂടുതൽ ഉദാരമാക്കുന്നതിനും വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ചുവടെ ചേർക്കുന്ന പദ്ധതികളിലൂടെ സാധ്യമാകുന്നു.

**സംരംഭക സഹായ പദ്ധതി (ESS)**

കേരളത്തിലെ ഉല്പാദന മേഖലയിൽ പ്രവർത്തിക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിര നിക്ഷേപത്തിന് അനുസരിച്ച് സാമ്പത്തിക സഹായം നൽകാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. നിക്ഷേപകന്റെ വിഭാഗം, ഉല്പാദന മേഖല, സ്ഥാപനം സ്ഥിതി ചെയ്യുന്ന ജില്ല എന്നിവ അനുസരിച്ച് സ്ഥിരം നിക്ഷേപത്തിന്റെ 15% മുതൽ 45% വരെ യൂണിറ്റിന് സബ്സിഡിയായി ലഭിക്കും. വനിത സംരംഭകരെ മുൻഗണന വിഭാഗത്തിൽ ഉൾപ്പെടുത്തി അധിക സബ്സിഡി നൽകുന്നു.

**നാനോ യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ്പദ്ധതി**

വ്യവസായ വാണിജ്യ വകുപ്പ് നടപ്പിലാക്കി വരുന്ന ഒരു വായ്പ ബന്ധിത പദ്ധതിയാണ് നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണിഗ്രാന്റ് പദ്ധതി. കേരളത്തിലെ ഉത്പാദന മേഖലയിലും, ജോബ് വർക്ക് മേഖലയിലും മൂല്യവർദ്ധനയുള്ള സേവന മേഖലയിലും പ്രവർത്തിക്കുന്ന നാനോ യൂണിറ്റുകൾക്ക് ധനസഹായം ലഭ്യമാക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

10 ലക്ഷം രൂപവരെ പദ്ധതി ചെലവ് വരുന്ന യൂണിറ്റുകൾക്ക് ഈ പദ്ധതി പ്രയോജനപ്പെടും. അപേക്ഷകന്റെ വിഭാഗം അനുസരിച്ച് 30ശതമാനം മുതൽ 40 ശതമാനം വരെ പരമാവധി 4 ലക്ഷം രൂപവരെ മാർജിൻ മണി ഗ്രാന്റ് ലഭിക്കും. വനിതാ സംരംഭകരെ മുൻഗണന വിഭാഗത്തിൽ ഉൾപ്പെടുത്തി 10ശതമാനം അധിക സബ്സിഡി നൽകുന്നു.

**ഒരു കുടുംബം ഒരു സംരംഭം പദ്ധതി**

ഉല്പാദന, സേവന, വ്യാപാര മേഖലകളിലെ എല്ലാ പുതിയ സംരംഭങ്ങൾക്കും 10 ലക്ഷം രൂപ വരെയുള്ള ലോൺ തുകയ്ക്ക് (ടേം ലോൺ and /or പ്രവർത്തന മൂലധന വായ്പ), പലിശ നിരക്കിൽ 4% ൽ അധികരിച്ചുള്ള പലിശയിൽ 6% വരെ ഇളവ് ധന സഹായമായി അനുവദിച്ച് നൽകുന്ന പദ്ധതി. 01.04.2022 നോ അതിനുശേഷമോ പ്രവർത്തനം/ ഉത്പാദനം ആരംഭിച്ച എല്ലാ സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭങ്ങളും ഈ പദ്ധതിക്ക് കീഴിൽ സഹായത്തിനു അർഹരാണ്. സംരംഭ മേഖലയിൽ വനിതകളുടെ പ്രാതിനിധ്യം ഉറപ്പ വരുത്തുന്നതിനുള്ള പ്രത്യേക പദ്ധതി .

കേരളത്തെ ഒരു വ്യവസായ സൗഹ്യദ സംസ്ഥാനമാക്കി മാറ്റിയെടുക്കുന്നതിനും

| | | | |
|---|---|---|---|
| | | | നിക്ഷേപകരെ കേരളത്തിലേക്കു ആകർഷിക്കുവാനും സർക്കാർ പലവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. അവയിൽ എടുത്തു പറയാവുന്ന ഒന്ന് തന്നെയാണ് സംസ്ഥാന വ്യവസായ നയം 2023. സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, പുതിയ സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തി പരമ്പരാഗത വ്യവസായങ്ങളെ നവീകരിക്കുക, കേരള ബ്രാൻഡ് വികസിപ്പിക്കുക, അടിസ്ഥാന സൗകര്യങ്ങൾ പ്രവർത്തനക്ഷമമാക്കുക, തൊഴിലില്ലാത്ത വിദ്യാസമ്പന്നരായ യുവാക്കളുടെയും യുവതികളുടെയും സംരംഭകത്വ കഴിവുകളെ പരിപോഷിപ്പിക്കുക, വ്യവസായ - നൈപുണ്യം വർദ്ധിപ്പിക്കുക അതുവഴി മെച്ചപ്പെട്ട തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക, മുൻഗണനാ മേഖല അടിസ്ഥാനമാക്കി യുള്ള വ്യവസായവൽക്കരണം എന്നിവയാണ് സംസ്ഥാന വ്യവസായ നയത്തിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ.<br><br>പുതിയ വ്യവസായ നയം സംസ്ഥാനത്തിന്റെ സ്വാഭാവികവും മാനവ വിഭവശേഷിയുമായി ബന്ധപ്പെട്ട ശക്തികളെ പ്രയോജനപ്പെടുത്തി, പ്രത്യേകിച്ച് 'Sunrise Sectors' (സാങ്കേതികവിദ്യ, ആരോഗ്യം, പരിസ്ഥിതി സൗഹൃദ വ്യവസായങ്ങൾ മുതലായവ) മേഖലകളിൽ നിക്ഷേപങ്ങളെ ഉത്തേജിപ്പിക്കുന്നു. ഈ മേഖലകളിൽ സംരംഭം ആരംഭിക്കുന്നവർക്ക് വലിയ ആനുകൂല്യങ്ങൾ വ്യവസായ നയത്തിൽ പ്രഖ്യാപിച്ചിട്ടുമുണ്ട്.<br><br>വ്യവസായ നയപ്രകാരം, വായ്പാ സഹായം പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ള വനിതകൾക്കു മാത്രമല്ല, ഏതെങ്കിലും വനിതാ സംരംഭക ആരംഭിക്കുന്ന MSME യൂണിറ്റുകൾക്കും ലഭ്യമാണ്. വനിതാ സംരംഭകർക്കായി വ്യവസായം തുടങ്ങുന്നതിനാവശ്യമായ വായ്പാസഹായം 'വി മിഷൻ' എന്ന പദ്ധതി കെ.എസ്.ഐ.ഡി.സി മുഖേന നടപ്പിലാക്കി വരുന്നു. |
| (ബി) | ഏതൊക്കെ മേഖലയിലാണ് ഇത്തരത്തിൽ സംരംഭം തുടങ്ങാൻ സാധിക്കുന്നതെന്നും വിശദമാക്കാമോ? | (ബി) | ഉത്പ്പാദന-സേവന-കച്ചവട മേഖലകളിൽപ്പെട്ടതും വീട്ടമ്മമാർക്ക് അവരുടെ നൈപുണ്യത്തിന് അനുയോജ്യമായതുമായ സംരംഭങ്ങൾ ഒറ്റയ്ക്കായോ ഗ്രൂപ്പായോ ആരംഭിക്കാവുന്നതാണ്.<br><br>ഉത്പാദന, സേവന, വ്യാപാര, ജോബ് വർക്ക് മേഖലകളിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന സംരംഭങ്ങൾക്ക് മുകളിൽ വിവരിച്ചിട്ടുള്ള പദ്ധതികളിൽ അനുയോജ്യമായത് മാനദണ്ഡങ്ങൾക്ക് അനുസൃതമായി പ്രയോജനപ്പെടുത്തുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ